# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5868 — 07.07.2014-ലെ മറുപടിക്ക്

## ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാൻ കഴിയില്ല എന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | എ) കേരള പഞ്ചായത്ത് രാജ് ആക്ട്, 172-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറയുന്ന 4-ാം പട്ടികയിൽ വിവരിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട പദ്ധതികളൊഴികെ യാതൊന്നും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടപ്പിലാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ്, സി. & എ. ജി. എന്നിവയുടെ ആഡിറ്റിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് രൂക്ഷമായ വിമർശനം ഉയർന്ന സാഹചര്യത്തിൽ ഗ്രാമ വികസന കമ്മിഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പാലക്കാട് ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഗണിച്ച് ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി) & സി) ഇക്കാര്യത്തിൽ നിലവിലെ പൊതുമാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| സി) ഇതിനായി നിലവിലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പുതിയ ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി ഉണ്ടാവുമോ ? | |

സെക്ഷൻ ഓഫീസർ